(ബി) ഗവൺമെൻറ് മന്ദിരങ്ങൾക്കും കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും സംസ്ഥാനത്തു നിർമ്മിക്കുന്ന ചുടുകല്ല് ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചു വരികയാണ്.
(ബി) ഈ നിർദ്ദേശം പ്രായോഗികമാണോ എന്നു പരിശോധിക്കാം.

ഔട്ട് ബോർഡ് എഞ്ചിന് ഈടാക്കുന്ന വിൽപ്പന നികുതി

640 [863] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔട്ട് ബോർഡ് എഞ്ചിന് ഈടാക്കുന്ന വിൽപ്പന നികുതി കുറവ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ഗവൺമെൻറ് പരിശോധിച്ചു വരുന്നു.

ബാലുശ്ശേരിയിൽ ഒരു സബ് ട്രഷറി

641 [864] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ട്രഷറി സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് വേണ്ട തീരുമാനം എടുക്കുന്നതാണ്.

642 [865] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 നേക്കാൾ 1986-87-ൽ ഏതെല്ലാം ഇനത്തിൽ വരുമാനവും വിഭവസമാഹരണവും വർദ്ധിപ്പിക്കുവാനും അതുമൂലം എത്ര സംഖ്യ കൂടുതൽ ഓരോ ഇനത്തിൽ നേടാനും ഉദ്ദേശിക്കുന്നുണ്ട് ;

(ബി) കേന്ദ്രത്തിൽനിന്ന് എന്തെല്ലാം കൂടുതൽ സഹായം നാളിതു വരെ നേടാൻ സാധിച്ചു ?

ഉത്തരം

(എ) 1986-87-ൽ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ഇനങ്ങൾ ഒഴികെ താഴെ പറയുന്ന ഏതാനും പ്രധാനപ്പെട്ട ഇനങ്ങളിൽ 1985-86 നേക്കാൾ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly